I ഇ.ബി. XIV - കേരള നിയമസഭ/II-18

# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ഒക്ടോബർ 28, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

I **തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിട്ട 273-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 273-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ മേശപ്പുറത്തുവച്ചു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): തിരുത്തിയ ഉത്തരത്തിന്മേൽ അംഗങ്ങൾക്ക് ചോദ്യം ഉന്നയിക്കുന്നതിനുള്ള അവസരം തിങ്കളാഴ്ച ചോദ്യോത്തര സമയത്ത് അനുവദിക്കണം.

## II അടിയന്തര പ്രമേയം

### തെരുവ് നായ്ക്കളുടെ ആക്രമണം

മി. സ്പീക്കർ: സംസ്ഥാനത്തൊട്ടാകെ തെരുവുനായ്ക്കളുടെ ആക്രമണം വ്യാപകമാകുകയും ആക്രമണത്തിനിരയായി കഴിഞ്ഞ നാലു മാസത്തിനുള്ളിൽ നാലുപേർ മരണമടയുകയും മറ്റനേകായിരം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. വർക്കലയിൽ 26.10.2016-ൽ വീട്ടിൽ ഉറങ്ങിക്കിടന്നയാൾ തെരുവുനായ്ക്കളുടെ കൂട്ടായ ആക്രമണത്തിൽ പരിക്കേറ്റ് മരണമടഞ്ഞു. സർക്കാരിന്റെ തെരുവുനായ നിയന്ത്രണ നടപടികൾ പരാജയപ്പെട്ടതും തെരുവുനായ ആക്രമണങ്ങൾ ദിനംപ്രതി രൂക്ഷമായി ജീവഹാനി സംഭവിക്കുന്നതുമായ റിപ്പോർട്ടുകൾ ജനങ്ങളിലാകെ സൃഷ്ടിച്ച ഭീതിയും അരക്ഷിതാവസ്ഥയുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ബഷീർ, പി. ടി. തോമസ്, എൽദോസ് കുന്നപ്പിള്ളി, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ആക്രമണം വർദ്ധിച്ചതുകാരണം ജനങ്ങൾ പ്രയാസവും ബുദ്ധിമുട്ടും അനുഭവിക്കുന്നുവെന്നത് ശരിയാണ്. കഴിഞ്ഞ മൂന്നുമാസത്തിനുള്ളിൽ 175 കുട്ടികളുൾപ്പെടെ 701 പേർ തെരുവ് നായ്ക്കളുടെ ആക്രമണത്തിന് വിധേയമായിട്ടുണ്ട്. ഈ വർഷം ഇതുവരെ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്ന് മാത്രം 53,000 പേർ ആന്റി റാബിസ് ഇഞ്ചക്ഷൻ എടുത്തിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നതിന്റെ അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുകയും എ.ബി.സി പ്രോജക്ടുകൾക്ക് രൂപം നൽകുകയും തെരുവുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തെരുവുനായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കുന്നതിന് എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രശ്നം നേരിടുന്നതിന് എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരികയാണ്. അതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. പി. കെ. ബഷീർ: തെരുവുനായ്ക്കളെ ഉന്മൂലനം ചെയ്യണമെന്നും വന്ധ്യംകരണം നടത്തണമെന്നും പേ വിഷബാധ പ്രതിരോധിക്കണമെന്നുമുള്ള നിരവധി അഭിപ്രായങ്ങൾ തെരുവുനായ ആക്രമണം രൂക്ഷമാകുമ്പോഴൊക്കെ

ഉയർന്നുവരുന്നുണ്ട്. മൃഗങ്ങളെ സംരക്ഷിക്കുന്നതോടൊപ്പംതന്നെ മനുഷ്യനും സുരക്ഷിതമായി ജീവിക്കാൻ കഴിയുന്നതരത്തിലുള്ള നിയമനിർമ്മാണം നടത്തണം. അപകടകാരികളായ തെരുവുനായ്ക്കളെ വേദനിപ്പിക്കാതെ കൊല്ലാമെന്ന നിലവിലെ നിയമവ്യവസ്ഥ പ്രായോഗികമാക്കണം. കോട്ടയത്ത് അനിമൽ പ്രൊട്ടക്ഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനയുടെ സാമ്പത്തിക സ്രോതസ്സിനെ സംബന്ധിച്ച് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം. പ്രതിരോധ കുത്തിവയ്പിനുള്ള മരുന്നിന്റെ വില സാധാരണക്കാർക്ക് താങ്ങാൻ കഴിയുന്നതല്ല. വളർത്തുമൃഗങ്ങളും തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയായിക്കൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രി മുൻകയ്യെടുത്ത് പ്രധാനമന്ത്രിയെക്കണ്ട് തെരുവുനായ്ക്കളെ ഉന്മൂലനം ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. കക്ഷിരാഷ്ട്രീയത്തിനതീതമായി ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണണം. പ്രായോഗിക പരിഹാര നടപടികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കാൻ തയ്യാറാകണം. സംസ്ഥാനത്തെ ജനങ്ങളിൽ ഭീതിയുളവാക്കിയിരിക്കുന്ന ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. വി. ജോയി : 26.10.2016-നാണ് വർക്കലയിലെ വീടിന്റെ വരാന്തയിൽ കിടന്നുറങ്ങിയ 90 വയസ്സുള്ളയാൾ തെരുവുനായ്ക്കളുടെ കടിയേറ്റ് മരണപ്പെട്ട ദാരുണ

സംഭവമുണ്ടായത്. സുരക്ഷിതമായ വീടില്ലാത്ത, പട്ടികജാതിയിൽപ്പെട്ട അദ്ദേഹത്തിന്റെ കുടുംബത്തെ സഹായിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. എം. വിൻസെന്റ്: തെരുവു നായ്ക്കളെ കൊല്ലരുതെന്ന ഒരു കോടതി ഉത്തരവും നിലവിലില്ല. അവയെ കൊല്ലാനുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ട്. ABC പ്രോഗ്രാം നടപ്പിലാക്കുന്നതോടൊപ്പം മാലിന്യ നിർമ്മാർജ്ജനത്തിന് പ്രോജക്ട് തയ്യാറാക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ മറ്റ് പ്രോജക്ടുകൾക്ക് അംഗീകാരം നൽകില്ലെന്ന നിയമമുണ്ടാക്കുകയും അറവുശാലകൾക്ക് ലൈസൻസ് നൽകുമ്പോൾ മാലിന്യനിർമ്മാർജ്ജനത്തിനുള്ള സാധ്യതകൾ പരിശോധിക്കുകയും ചെയ്യണം. കോവളം മണ്ഡലത്തിൽ 60 വയസ്സുള്ള അമ്മയും ഒരു വിദ്യാർത്ഥിനിയും തെരുവു നായ്ക്കളുടെ കടിയേറ്റ് മരണപ്പെടുകയുണ്ടായി. തെരുവുനായ്ക്കളുടെ ആക്രമണം ഇപ്പോഴും തുടരുകയാണ്. ഭീതിജനകമായ ഈ സാഹചര്യം ഇല്ലായ്മ ചെയ്യുന്നതിനുള്ള യാതൊരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): പത്ത് മാസത്തിനുള്ളിൽ 10 പേരാണ് നായ്ക്കളുടെ കടിയേറ്റ് മരണപ്പെട്ടത്. തെരുവുനായ്ക്കളുടെ ആക്രമണങ്ങളിൽനിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ തദ്ദേശഭരണ

സ്ഥാപനങ്ങൾ മുഖേന സ്വീകരിച്ചുവരികയാണ്. വേസ്റ്റ് മാനേജ്മെന്റിന് ഓരോ തദ്ദേശസ്ഥാപനവും പദ്ധതി വിഹിതത്തിൽനിന്ന് പത്തുശതമാനം തുക നീക്കിവയ്ക്കണമെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നായ്ക്കളെ കൊല്ലുന്നവർക്കെതിരെ കാപ്പ ആക്ട് ചുമത്തണമെന്ന കേന്ദ്ര മന്ത്രി ശ്രീമതി മേനകാ ഗാന്ധിയുടെ പ്രസ്താവന ഖേദകരമാണ്. സുപ്രീം കോടതിയിൽ ഈ വിഷയം സംബന്ധിച്ച് പല കേസ്സുകൾ നിലനിൽക്കുന്നുണ്ട്. അപകടകാരികളായ നായ്ക്കളെ കൊല്ലാൻ നിയമം അനുവദിക്കുന്നുണ്ട്. ഈ പ്രശ്നത്തെ രാഷ്ട്രീയത്തിനതീതമായി കണ്ട് പരിഹാരമുണ്ടാക്കുന്നതിന് എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. നിയമപരമായി എന്തൊക്കെ ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കേരളം ഇന്ന് ഭീതിയിലും ആശങ്കയിലുമാണ് കഴിയുന്നത്. കഴിഞ്ഞ പത്തുമാസത്തിനിടയിൽ പത്തുപേരാണ് നായ്ക്കളുടെ കടിയേറ്റ് മരിച്ചിരിക്കുന്നത്. അക്രമികളായ നായ്ക്കളെ കൊല്ലുന്നവർക്കെതിരെ കാപ്പ ആക്ട് ചുമത്തണമെന്ന കേന്ദ്ര മന്ത്രി ശ്രീമതി

മേനകാ ഗാന്ധിയുടെ പ്രസ്താവന ന്യായീകരിക്കാൻ കഴിയുന്നതല്ല. സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷത്തോളം പേർക്കാണ് നായ്ക്കളുടെ കടിയേൽക്കുന്നത്. സുപ്രീം കോടതി നിയോഗിച്ച സിരിജഗൻ കമ്മിറ്റി കേരളത്തിലെ തെരുവുനായ്ക്കളുടെ പ്രശ്നം പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വന്ധ്യംകരണംകൊണ്ടുമാത്രം നായ്ക്കളുടെ അക്രമത്തിന് പരിഹാരമുണ്ടാകുകയില്ല. പിടികൂടുന്ന നായ്ക്കളെ വന്ധ്യംകരിച്ച് അതേ സ്ഥലത്തുതന്നെ കൊണ്ടുവിടണമെന്നതിനോട് യോജിക്കാൻ കഴിയില്ല. ഇതിനുപിന്നിൽ വാക്സിൻ മാഫിയാ ലോബി പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. മനുഷ്യജീവന് ഭീഷണിയുണ്ടാക്കുന്ന ഏത് മൃഗത്തേയും കൊല്ലാമെന്ന് വ്യവസ്ഥയുണ്ട്. തെരുവുനായ്ക്കളുടെ ശല്യം കുറയ്ക്കാൻ ഡോഗ് പാർക്കുകളും ജില്ലാ പഞ്ചായത്തുകളിൽ പുനരധിവാസ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ സ്വാഗതാർഹമാണെങ്കിലും ഇത് നടപ്പാക്കാത്തതുമൂലം അക്രമകാരികളായ നായ്ക്കളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. രാഷ്ട്രീയത്തിനതീതമായി എല്ലാവരും ഒറ്റക്കെട്ടായി നിന്ന് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കി ജനങ്ങളുടെ ഭീതിയും ആശങ്കയും അകറ്റണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

## III ശ്രദ്ധക്ഷണിക്കൽ

### (1) കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ: കേരളത്തിൽ ഏകദേശം രണ്ടര ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന കശുവണ്ടി മേഖല ഇപ്പോൾ ദുരിതപൂർണ്ണമായ അവസ്ഥയിലാണ്. സംസ്ഥാനത്തെ 800 സ്വകാര്യ ഫാക്ടറികളിൽ 250 എണ്ണത്തോളം അടഞ്ഞുകിടക്കുകയാണ്. തൊഴിലാളികൾക്ക് ഇ.എസ്.ഐ., പി.എഫ്. തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഗ്രാറ്റുവിറ്റി ഇനത്തിൽ 56 കോടി രൂപയും പി.എഫ്. കുടിശ്ശികയായി 6 കോടി രൂപയും ആവശ്യമായിട്ടുണ്ട്. തൊഴിലാളികൾക്ക് പലപ്പോഴും കൂലി ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഫാക്ടറികളിൽ ടോയ്‌ലറ്റുകളോ ഉച്ചഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യങ്ങളോ ഏർപ്പെടുത്തിയിട്ടില്ല. കേന്ദ്ര സർക്കാർ ഉയർന്ന നികുതി ഈടാക്കുന്നതിനാൽ കശുവണ്ടി ഇറക്കുമതി ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി അയൽ സംസ്ഥാനങ്ങളിലേയ്ക്ക് അയയ്ക്കാതെ ഇവിടെത്തന്നെ സംഭരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. അടച്ചിട്ടിരിക്കുന്ന മുഴുവൻ കശുവണ്ടി ഫാക്ടറികളും തുറന്നുപ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും

വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സംസ്ഥാനത്ത് ഏകദേശം മൂന്നു ലക്ഷത്തോളം തൊഴിലാളികൾ ജോലി ചെയ്തുവരുന്ന കശുവണ്ടിത്തൊഴിലാളി മേഖലയിലെ ഭൂരിഭാഗം ഫാക്ടറികളും അടഞ്ഞുകിടക്കുകയാണ്. ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഹ്രസ്വ-ദീർഘകാല പദ്ധതികൾ സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനായി വ്യവസായികളുമായും ബാങ്ക് പ്രതിനിധികളുമായും ചർച്ച നടത്തുകയുണ്ടായി. പൂട്ടിക്കിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി സർക്കാർ രൂപീകരിച്ച എംപവേർഡ് കമ്മിറ്റി 3.8.2016-ൽ യോഗം ചേർന്ന് പ്രവർത്തനശേഷിയുള്ള ഫാക്ടറികളെ കണ്ടെത്താനും ആർ.ബി.ഐ. മാനദണ്ഡപ്രകാരം പുനരുദ്ധരിക്കാനും തീരുമാനിച്ചിട്ടുണ്ട്. കശുവണ്ടി ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ലഭ്യമാക്കുന്നതിനായി ഒരു എസ്.പി.വി. രൂപീകരിക്കുന്ന കാര്യവും പരിഗണനയിലാണ്. സ്വകാര്യ ഫാക്ടറികളുടെ നിലവിലുള്ള ബാങ്ക് വായ്പ കുടിശ്ശിക പുന:ക്രമീകരിക്കുന്നതും പുതിയ വായ്പ അനുവദിക്കുന്നതും അർഹമായ കേസ്സുകളിൽ വായ്പകൾക്ക് മോറട്ടോറിയം ഏർപ്പെടുത്തുന്നതും തോട്ടണ്ടി ലഭ്യമാക്കുന്നതിന് സർക്കാർ-ബാങ്ക്-വ്യവസായ പ്രതിനിധികളടങ്ങിയ കൺസോർഷ്യം രൂപീകരിക്കുന്നതും സംബന്ധിച്ച് ആലോചിക്കുന്നതിന് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗം

വിളിച്ചുചേർക്കുന്നതാണ്. സർക്കാർ മുൻകയ്യെടുത്ത് 497 സ്വകാര്യ ഫാക്ടറികളുടെ പ്രവർത്തനം സെപ്റ്റംബറിലും 6 ഫാക്ടറികളുടെ പ്രവർത്തനം ഒക്ടോബറിലും പുനരാരംഭിച്ചിട്ടുണ്ട്. തദ്ദേശീയമായ തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ദീർഘകാല പദ്ധതിയെന്ന നിലയിൽ കൃഷി, വനം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ സംയുക്ത നേതൃത്വത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. തോട്ടണ്ടി വാങ്ങുന്നതിന് സാധ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. പി.എഫ്. കുടിശ്ശികയായ 6.5 കോടി രൂപ അടച്ചുതീർത്തിട്ടുണ്ട്. ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഫാക്ടറികൾ ദീർഘകാലം അടഞ്ഞുകിടക്കുന്നതിന്റെ ഫലമായി തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കില്ലെന്ന സാഹചര്യം പരിഗണിച്ച് കഴിയുന്നത്ര വേഗത്തിൽ അവ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് ശ്രമിക്കുന്നതാണ്.

(2) <u>ഹജ്ജ് എംബാർക്കേഷൻ പോയിന്റ് പുനഃസ്ഥാപിക്കൽ</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ റീ-കാർപ്പറ്റിംഗ് പ്രവൃത്തികളുടെ ഭാഗമായി അവിടെ പ്രവർത്തിച്ചിരുന്ന ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരി വിമാനത്താവളത്തിലേയ്ക്ക് താല്ക്കാലികമായി മാറ്റി സ്ഥാപിച്ചിരുന്നു. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായ

സാഹചര്യത്തിൽ ഹജ്ജ് തീർത്ഥാടകരുടെ സൗകര്യാർത്ഥം ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): കരിപ്പൂർ എയർപോർട്ടിലെ റൺവേ റീ-കാർപ്പറ്റിംഗ് നടത്തുന്നതുമായി ബന്ധപ്പെട്ട് 2015 സെപ്റ്റംബറിൽ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് താല്ക്കാലികമായി നെടുമ്പാശ്ശേരിയിലേയ്ക്ക് മാറ്റി സ്ഥാപിച്ചിരുന്നു. റീ-കാർപ്പറ്റിംഗ് പ്രവൃത്തികൾ പൂർത്തിയായതായി ഔദ്യോഗികമായി വിവരം ലഭിച്ചിട്ടുണ്ട്. ഹജ്ജ് യാത്രികരിൽ ഭൂരിഭാഗവും മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നിന്നുള്ളവരായതിനാൽ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കരിപ്പൂരിൽ തന്നെ നിലനിർത്തണമെന്നാണ് സർക്കാരിന്റെ അഭിപ്രായം. ഇതുസംബന്ധിച്ച കത്തിന് മറുപടിയായി അവിടെ വലിയ വിമാനങ്ങൾ ഇറക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകളുണ്ടെന്നാണ് വ്യോമ മന്ത്രാലയം അറിയിച്ചിട്ടുള്ളത്. അടുത്ത ഹജ്ജ് സീസണിൽ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കരിപ്പൂരിലേയ്ക്ക് മാറ്റുന്നതിന് ആവശ്യമായ നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഇതോടൊപ്പം കരിപ്പൂർ വിമാനത്താവളത്തിന്റെ വികസനത്തിനാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിനും കക്ഷിരാഷ്ട്രീയ ഭേദമെന്യേ

സഹകരണമുണ്ടാകണം.

## IV സബ്മിഷൻ

### (1) വിജിലൻസ് ഡയറക്ടർക്കെതിരെ നൽകിയ പരാതി

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളും പ്രതികാരനടപടികളും കാരണം ഭരണസ്തംഭനമുണ്ടാകുകയും വിജിലൻസ് ഡയറക്ടർക്കെതിരെ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി പരാതി നൽകുകയും ചെയ്ത സാഹചര്യത്തിൽ പ്രശ്നങ്ങളെ അർഹിക്കുന്ന ഗൗരവത്തോടെ കാണാനും അടിയന്തര ഇടപെടൽ നടത്താനും സർക്കാർ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഗവൺമെന്റിലെ ഉന്നത ഉദ്യോഗസ്ഥർക്കിടയിൽ കിടമത്സരം നിലനിൽക്കുന്നു എന്നുപറയുന്നത് ശരിയല്ല. അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. എം. എബ്രഹാം 27.10.2016-ന് വിജിലൻസ് ഡയറക്ടർക്കെതിരെ രേഖാമൂലം നൽകിയ പരാതി ലഭിച്ചിട്ടുണ്ട്. ശ്രീ. കെ. എം. എബ്രഹാം വരവിൽക്കവിഞ്ഞ സ്വത്ത് സമ്പാദിച്ചു എന്നാരോപിച്ച് തിരുവനന്തപുരം എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ് മുമ്പാകെ ശ്രീ. ജോമോൻ പുത്തൻപുരയ്ക്കൽ സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണത്തിന്

ഉത്തരവിടുകയും 07.11.2016-ന് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ കോടതി നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഉത്തരവിൻപ്രകാരം തിരുവനന്തപുരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ (സ്പെഷ്യൽ സെൽ) പോലീസ് സൂപ്രണ്ട് ത്വരിതാന്വേഷണം നടത്തിവരികയാണ്. അനേഷണത്തിലിരിക്കുന്ന വിഷയത്തെക്കുറിച്ച് കൂടുതലായി പറയുന്നത് ഉചിതമല്ലാത്തതിനാൽ വിശദാംശങ്ങൾ വ്യക്തമാക്കുന്നില്ല. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണോ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ വീട്ടിൽ റെയ്ഡ് നടത്തിയതെന്ന കാര്യം പരിശോധിക്കുന്നതാണ്. റെയ്ഡിന് നേതൃത്വം നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും ഇതുസംബന്ധിച്ച് വിശദീകരണം തേടിയിട്ടുണ്ട്. ഇത്തരം വിഷയങ്ങൾ ഭരണരംഗത്ത് യാതൊരു വിധത്തിലുമുള്ള സ്തംഭനവുമുണ്ടാക്കിയിട്ടില്ല.

(2) വ്യാജ സർട്ടിഫിക്കറ്റുകൾ

ശ്രീ. ജെയിംസ് മാത്യു: വ്യാജ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ഉന്നത വിദ്യാഭ്യാസവും തൊഴിലും നേടുന്നവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനുള്ള ശക്തമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഉന്നത വിദ്യാഭ്യാസ മേഖലയിൽ

വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരിലുള്ള വ്യാജ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ചതായുള്ള കേസുകൾ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഇതിനായി പ്രത്യേക പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാലാ സർട്ടിഫിക്കറ്റുകളിൽ ഹോളോഗ്രാം പതിപ്പിച്ചും മറ്റ് സുരക്ഷാ മാനദണ്ഡങ്ങൾ അനുശാസിച്ചും വ്യാജ സർട്ടിഫിക്കറ്റുകളുടെ പ്രചരണം തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.പി.എസ്.സി.-യുടെ എല്ലാ നിയമനങ്ങളിലും അസ്സൽ പ്രമാണ പരിശോധനയ്ക്ക് പുറമേ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ മുഖാന്തിരവും പരിശോധന നടത്തുന്നുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ ഇത്തരത്തിലുള്ള നാല് കേസുകൾ രജിസ്റ്റർ ചെയ്യുകയും ഒൻപതുപേരെ അറസ്റ്റ് ചെയ്യുകയുമുണ്ടായി. വ്യാജ സർട്ടിഫിക്കറ്റ് നിർമ്മാണം തടയുന്നതിന് പ്രത്യേക അന്വേഷണ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(3) ട്രാഫിക് വാർഡന്മാരുടെ നിയമനം

ശ്രീ. പി. ടി. തോമസ്: സംസ്ഥാന വ്യാപകമായി സ്കൂളുകളുടെയും

കോളേജുകളുടെയും മുന്നിലും തിരക്കേറിയ സ്ഥലങ്ങളിലും കൂടുതൽ ട്രാഫിക് വാർഡന്മാരെ നിയമിച്ച് അപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് പരിഷ്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്തെ റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി വാഹന പരിശോധനകൾ കാര്യക്ഷമമായി നടത്തി റോഡിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കണമെന്ന് എല്ലാ ജില്ലാ പോലീസ് മേധാവികളോടും നിർദ്ദേശിച്ചിട്ടുണ്ട്. സ്കൂളുകൾ, കോളേജുകൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ, എയർപോർട്ടുകൾ എന്നിവിടങ്ങളിലെ ആവശ്യകതയനുസരിച്ച് സ്പോൺസർമാരുള്ള ഇടങ്ങളിൽ ട്രാഫിക് വാർഡന്മാരെ നിയമിക്കാറുണ്ട്. കൂടുതൽ വാർഡന്മാരെ നിയമിക്കുന്നതും ട്രാഫിക് പരിഷ്കരണവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

## (4) ഇൻഡസ്ട്രിയൽ പാർക്ക്

ശ്രീ. മുഹമ്മദ് മുഹസിൻ പി.: ഇലക്ട്രോണിക് വേസ്റ്റ് ശാസ്ത്രീയമായി ക്രമീകരിക്കുന്നതിന് ഓങ്ങല്ലൂർ പഞ്ചായത്തിൽ ഇൻഡസ്ട്രിയൽ പാർക്ക്

ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): പട്ടാമ്പി മണ്ഡലത്തിലെ ഓങ്ങല്ലൂർ പഞ്ചായത്തിൽ ഇൻഡസ്ട്രിയൽ പാർക്ക് സർക്കാർ തലത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചെങ്കിലും പരിസരവാസികളുടെ എതിർപ്പുകാരണം തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. ബഹുമാനപ്പെട്ട എം.എൽ.എ മുൻകയ്യെടുത്ത് തദ്ദേശവാസികളുമായി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശം കൊണ്ടുവന്നാൽ ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## (5) <u>പോലീസ് സ്റ്റേഷൻ</u>

<u>ശ്രീ. പി. ബി. അബ്ദുൽ റസാക്ക്</u>: കർണ്ണാടക അതിർത്തിപ്രദേശങ്ങളിൽ അക്രമങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപ്പള കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): കുമ്പള പോലീസ് സർക്കിളിന്റെ പരിധിയിൽ ഉപ്പള പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (6) നദികൾ ഒഴിവാക്കപ്പെട്ടത് സംബന്ധിച്ച്

ശ്രീമതി വീണാ ജോർജ്ജ്: കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വിഭാഗത്തിന്റെ ഡാറ്റാ ശേഖരത്തിൽ കേരളത്തിൽ പമ്പയും അച്ചൻ കോവിലാറും ഉൾപ്പെടെ രണ്ടു നദികൾ മാത്രമായും പമ്പയും വൈപ്പാറും ഒറ്റ റിവർ ബേസിനായും കേരളത്തിലെ നദികൾ ജലദൗർലഭ്യമില്ലാത്ത നദികളായും കാണിച്ചിരിക്കുന്നു. പമ്പ-വൈപ്പാർ സംയോജന പദ്ധതി വേണമെന്ന നിലപാട് തമിഴ്നാട് സ്വീകരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതിനും ഈ ഡാറ്റ തിരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വിഭാഗത്തിന്റെ ഭൂപടത്തിൽ രാജ്യത്തെ വലിയ ഭൂപ്രദേശമുൾക്കൊള്ളുന്ന നദീതടങ്ങളെ മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. പമ്പ ഒഴികെ മറ്റ് 43 നദികളും ഈ ഭൂപടത്തിലുൾപ്പെട്ടിട്ടില്ല. പമ്പയും വൈപ്പാറും ഒറ്റ നദീതടമായി കാണിച്ചിരിക്കുന്നതിൽ വൈരുദ്ധ്യമുണ്ട്. ഇത് തിരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായി ബന്ധപ്പെട്ട ഡയറക്ടർ രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിലും കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വിഭാഗത്തിന്റെ ഭൂപടത്തിൽ ആവശ്യമായ മാറ്റം വരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. കേരളത്തിന്റെ

അനുവാദമില്ലാതെ പമ്പ-വൈപ്പാർ സംയോജന പദ്ധതിയുമായി മുന്നോട്ടുപോകില്ലെന്ന് കേന്ദ്ര സർക്കാരിൽ നിന്നും ഉറപ്പ് ലഭിച്ചിട്ടുണ്ട്.

(7) ജനറിക് പേര് നിർദ്ദേശിക്കൽ

ശ്രീ. എ. എൻ. ഷംസീർ: ഡോക്ടർമാർ മരുന്നുകൾ ജനറിക് പേരുകളിലും ഇംഗ്ലീഷ് ക്യാപിറ്റൽ ലറ്ററിലും പ്രിസ്ക്രൈബ് ചെയ്യുന്നതിനും ഗുണനിലവാരമുള്ള ജനറിക് മരുന്നുകൾ കെ.എസ്.ഡി.പി. മുഖാന്തിരം ഉത്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ജനറിക് പേരുകളിലാണ് മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് ലൈസൻസ് നൽകിയിട്ടുള്ളതെങ്കിലും ബ്രാൻഡ് നെയിം എന്ന പേരിൽ നിർമ്മിക്കുന്നതിനും വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. ഡോക്ടർമാർ മരുന്നുകളുടെ ജനറിക് പേര് ഇംഗ്ലീഷ് ക്യാപിറ്റൽ ലെറ്ററിൽ കുറിപ്പടിയിൽ എഴുതണമെന്ന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുണ്ട്. ചില കമ്പനികളുടെ താത്പര്യമനുസരിച്ച് ഡോക്ടർമാർ മരുന്നുകളുടെ ബ്രാൻഡ് നെയിം കുറിച്ചുകൊടുക്കുന്നത് നിയന്ത്രിക്കുന്നതിന് എം.സി.ഐ.യുടെ നിർദ്ദേശവും 2014-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ജനറിക് പേരുകൾ തന്നെ കുറിപ്പടിയിലെഴുതണമെന്ന് നിർദ്ദേശവും കൊടുത്തിട്ടുണ്ട്. ഇക്കാര്യം

നടപ്പാക്കുന്നുണ്ടോയെന്ന് സ്ഥാപനം സന്ദർശനം നടത്തുന്ന ഉദ്യോഗസ്ഥർ പരിശോധിക്കണമെന്ന വ്യവസ്ഥ കർശനമാക്കാൻ നിർദ്ദേശം നൽകും. സ്ഥാപന മേധാവികളും ഇക്കാര്യം പരിശോധിക്കേണ്ടതാണ്. ഇലക്ട്രോണിക് സംവിധാനം വരുന്നതോടുകൂടി കുറിപ്പടി കടലാസ്സിലെഴുതുന്നത് നിർത്തലാക്കാൻ സാധിക്കും.

## (8) ഡോക്ടർമാരുടെ നിയമനം

ശ്രീ. സണ്ണി ജോസഫ്: ഇരിട്ടി, പേരാവൂർ താലൂക്കാശുപത്രികളിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : പേരാവൂർ ആശുപത്രിയിൽ ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റിന്റെ തസ്തികയിൽ അഡ്ഹോക് നിയമനം നടത്താനും എൻ.ആർ.എച്ച്.എം.-ൽനിന്ന് രണ്ട് ഡോക്ടർമാരെ അടിയന്തരമായി നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ ആശുപത്രികൾക്ക് മാത്രമായി വാക്ക്-ഇൻ-ഇന്റർവ്യൂ നടത്താൻ സാധിക്കുമോയെന്ന് അന്വേഷിക്കാൻ ഡി.എച്ച്.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 350-ലേറെ ഡോക്ടർമാരെ പി.എസ്.സി. വഴി നിയമിച്ചുവെങ്കിലും മലയോര മേഖലകളിൽ ജോലി ചെയ്യാൻ അവർ സന്നദ്ധരാകുന്നില്ല. അടിയന്തരമായി ഈ ആശുപത്രികളിലെ പ്രശ്നം പരിഹരിക്കുന്നതാണ്.

(9) എച്ച്.എസ്.എസ്.ടി. തസ്തികയിലെ നിയമനം

ശ്രീ. ഐ. ബി. സതീഷ് : ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിലെ എം.എ. ഡിഗ്രി ഇൻ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് സ്റ്റഡീസ് ബിരുദം നേടിയവരെ ഹയർ സെക്കൻഡറി സ്കൂളുകളിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ടീച്ചർ തസ്തികയിൽ നിയമിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കേരളത്തിലെ സർവ്വകലാശാലകളിൽ ഈ കോഴ്സ് ഇല്ലാത്തതിനാൽ കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽനിന്നും പ്രസ്തുത കോഴ്സിൽ ബിരുദം നേടിയവർക്ക് തുല്യതാ സർട്ടിഫിക്കറ്റ് നൽകാൻ കഴിയില്ല. എച്ച്.എസ്.എസ്.ടി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തസ്തികയുടെ അടിസ്ഥാന യോഗ്യത 50% മാർക്കിൽ കുറയാതെ യു.ജി.സി. അംഗീകരിച്ച ഏതെങ്കിലും സർവ്വകലാശാലയിൽനിന്ന് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ നേടിയ ബിരുദാനന്തര ബിരുദം എന്ന് ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് പി.എസ്.സി.-യുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരികയാണ്.

(10) സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സുകൾ

ശ്രീ. റോജി എം. ജോൺ : സ്വാശ്രയ രംഗത്ത് പുതിയ കോഴ്സുകളും ബാച്ചുകളും ആരംഭിക്കേണ്ടതില്ലെന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായി കൊടകരയിലുള്ള സ്വാശ്രയ കോളേജിനുമാത്രം മൂന്ന് കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി

നൽകിയിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ സ്വാശ്രയ കോഴ്സുകളും ബാച്ചുകളും ആരംഭിച്ച് വിദ്യാർത്ഥികൾക്ക് കേരളത്തിൽത്തന്നെ പഠിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സംസ്ഥാനത്ത് അൺ എയ്ഡഡ് സെൽഫ് ഫിനാൻസിംഗ് മേഖലയിൽ പുതിയ കോളേജുകൾ തുടങ്ങാൻ അനുമതി നൽകേണ്ടെന്നും എയ്ഡഡ് കോളേജുകളിൽ പുതിയ അൺ എയ്ഡഡ് സ്വാശ്രയ കോഴ്സുകൾ ആരംഭിക്കേണ്ടെന്നും തീരുമാനിച്ചിട്ടുണ്ട്. ഈ അദ്ധ്യയന വർഷം ഡിഗ്രി പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികളുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ നിലവിലുള്ള അൺ എയ്ഡഡ് സ്വാശ്രയ കോഴ്സുകളിൽ 2015-16 അദ്ധ്യയന വർഷം സർവ്വകലാശാലകൾ ശിപാർശ ചെയ്ത കോഴ്സുകൾക്ക് മാത്രം അനുമതി നൽകുന്നത് സംബന്ധിച്ച് പരിശോധന നടത്തിയശേഷമാണ് സഹൃദയ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന കോളേജിന് മൂന്ന് കോഴ്സുകൾ നൽകിയത്. 2015-16-ൽ അപേക്ഷ നൽകി 2016-17-ൽ കോഴ്സ് ആരംഭിക്കാൻ സർക്കാരിന്റെ അനുവാദം മാത്രം ബാക്കി നിൽക്കുന്ന വിവിധ സ്വാശ്രയ കോളേജുകൾക്ക് പുതിയ കോഴ്സുകളും ബാച്ചുകളും ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ

മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി IX-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII വ്യക്തിപരമായ വിശദീകരണം

ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ. പരാമർശിച്ച ജി.ഒ. സംബന്ധിച്ച്

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): ഇന്നലെ (27.10.2016) ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ. ഒരു ജി.ഒ. കാണിച്ച് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പരാമർശം നടത്തുകയുണ്ടായി. തോട്ടണ്ടിയുടെ ലോക്കൽ പർച്ചേസിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എഴുതിയ കത്തിന്റെ ഭാഗമാണ് അദ്ദേഹം ഗവൺമെന്റ് ഗവൺമെന്റ് ഓർഡർ എന്നുപറഞ്ഞത്. ലോക്കൽ പർച്ചേസ് ആകാമെന്നുള്ള ഉത്തരവാണ് 22.07.2016-ൽ ഇറക്കിയത്. ലോക്കൽ പർച്ചേസ് ആകുമ്പോഴുള്ള വ്യവസ്ഥയെ സംബന്ധിച്ച് 01.08.2016-ൽ വീണ്ടും ജി.ഒ. ഇറക്കി. നാല് ജി.ഒ. ഇറക്കിയിട്ടാണ് തോട്ടണ്ടി ലഭിച്ചത്. ലോക്കൽ പർച്ചേസ് നടത്തുമ്പോൾ ഏത് രാജ്യത്തേതാണെന്ന് തരുന്നവർ ഉറപ്പുപറയണമെന്ന വ്യവസ്ഥ

അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആർ.ബി.എസ്.-നെക്കൊണ്ട് മാത്രമേ ക്വാളിറ്റി അഷ്വർ ചെയ്യിക്കാൻ പാടുള്ളൂവെന്ന് അതേ ഉത്തരവിലുണ്ട്. തെറ്റിദ്ധാരണ ജനിപ്പിക്കുന്ന തരത്തിലാണ് അദ്ദേഹം ഇവിടെ പരാമർശം നടത്തിയത്. ഈ ഗവൺമെന്റ് എല്ലാം സുതാര്യമായിട്ടാണ് ചെയ്തിരിക്കുന്നത്. ഡോളർ റേറ്റിൽ ഗവൺമെന്റിന് കച്ചവടം ചെയ്യേണ്ട കാര്യമില്ല.

## VIII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) <u>റിപ്പോർട്ട് പരിഗണന</u>

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) <u>സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ</u>

(1) <u>വരൾച്ച നേരിടുന്നതിന് കേരളത്തിന് പ്രത്യേക പാക്കേജ്</u>

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർക്കുവേണ്ടി (<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>) : "മുൻ വർഷങ്ങളിലെ മഴക്കുറവുമൂലം സംസ്ഥാനം കടുത്ത വരൾച്ചയെ നേരിടുകയാണ്. സംസ്ഥാനത്ത് വ്യാപകമായ കൃഷിനാശവും കടുത്ത കുടിവെള്ള ക്ഷാമവും വൈദ്യുതോല്പാദനത്തിൽ കാര്യമായ കുറവും നേരിടുന്നു. മഴക്കുറവുമൂലം കാർഷികോൽപ്പന്നങ്ങളുടെ ഉല്പാദനം കുറയുന്നതിനാൽ കടുത്ത വിലക്കയറ്റം

ഉണ്ടാകുന്നതിനും സാധ്യതയുണ്ട്. വരുംദിവസങ്ങളിൽ വരൾച്ച കൂടുതൽ രൂക്ഷമാകാനുള്ള സാധ്യതയാണ് കാണുന്നത്. ഈ പ്രതിസന്ധിയെ അതിജീവിക്കുന്നതിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ പാക്കേജിൽ ഉൾപ്പെടുത്തി കേരളത്തിന് ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കഴിഞ്ഞ പത്തുവർഷത്തിനുള്ളിലെ ഏറ്റവും വലിയ മഴക്കുറവാണ് കേരളത്തിലുണ്ടായിട്ടുള്ളത്. വേനൽ മഴയിൽ ഈ വർഷം 18% കുറവുണ്ടായെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇത് പരിഹരിക്കുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തേണ്ടതുണ്ട്. മഴവെള്ളം ശേഖരിക്കാനും കുളങ്ങളേയും മറ്റ് ജലസംഭരണ സംവിധാനങ്ങളേയും ഉപയോഗിക്കാനും വയലുകളേയും നദികളേയും നിലനിർത്താനും സംവിധാനമൊരുക്കണം. നദികളെ സംരക്ഷിച്ചില്ലെങ്കിൽ കാർഷിക മേഖല പ്രതിസന്ധിയിലാകും. വരൾച്ചമൂലം കാർഷിക മേഖലയ്ക്കുണ്ടാകുന്ന നഷ്ടത്തിന് പരിഹാരം കാണുന്നതിനും ലോകനിലവാരത്തിലുള്ള കാലാവസ്ഥാ നിരീക്ഷണ പ്രവചന കേന്ദ്രത്തിന് രൂപം നൽകുന്നതിനും നടപടി സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ ഭക്ഷ്യ ഭദ്രതാ പദ്ധതിയിലൂടെ കേരളത്തിന് കൂടുതൽ സഹായം

ലഭ്യമാക്കണം. ഭൂഗർഭജല നിരപ്പ് മറ്റ് വർഷങ്ങളെക്കാൾ താഴ്ന്നപോയ സാഹചര്യത്തിൽ ഈ പ്രതിസന്ധി നേരിടുന്നതിന് ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് വകുപ്പുകൾകൂടി ചേർന്ന് കേന്ദ്ര ഗവൺമെന്റിന് പ്രോജക്ട് സമർപ്പിക്കണം.

<u>ശ്രീ. പി. ടി. തോമസ്</u>: "കേരളത്തിന് ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന്" എന്നീ വാക്കുകൾക്ക് പകരം "പ്രത്യേക പാക്കേജ് അനുവദിക്കണമെന്നും ഇതിനായി ഡൽഹിയിൽവച്ച് യുദ്ധകാലാടിസ്ഥാനത്തിൽ ഒരു ഉന്നതതലയോഗം വിളിച്ചുകൂട്ടാൻ നടപടി സ്വീകരിക്കണമെന്നും" എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ജലസ്രോതസ്സുകൾ വറ്റിവരളുന്നത് വളരെ ഗൗരവമായി കാണേണ്ട പ്രശ്നമാണ്, അവ സംരക്ഷിക്കപ്പെടണം. കൃഷിക്കാരെ സംരക്ഷിക്കാനുള്ള ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ചർച്ച ചെയ്യാൻപോലും കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ തയ്യാറായില്ല. വരൾച്ചയെ പ്രതിരോധിക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതുണ്ട്. ജലസ്രോതസ്സുകൾ ശക്തിപ്പെടുത്തുകയും കുളങ്ങളുടെയും കിണറുകളുടെയും മലിനീകരണം തടയുകയും ഭൂഗർഭജലം ശക്തിപ്പെടുത്തുകയും

കുഴൽക്കിണറുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ മഴവെള്ള സംഭരണി ഒരു വ്യവസ്ഥയായി ഉൾപ്പെടുത്തുകയും ചെയ്യണം.

ശ്രീമതി സി. കെ. ആശ: പ്രമേയത്തെ പിന്താങ്ങുന്നു. കേരളത്തിലെ ജലസമ്പത്ത് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ മഴയുടെ അളവ് ഓരോ വർഷവും കുറഞ്ഞുവരികയാണ്. അന്തരീക്ഷ മലിനീകരണവും വനനശീകരണവുമാണ് മഴക്കുറവിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും അടിസ്ഥാന കാരണം. നീർത്തട പദ്ധതികളും തണ്ണീർത്തടങ്ങളും സംരക്ഷിക്കപ്പെടണം. നെൽവയൽ നികത്തലും കുന്നിടിക്കലും പാരിസ്ഥിതിക ഘടനയെ തകർക്കുന്നതിന് കാരണമായിട്ടുണ്ട്. മഴവെള്ളത്തെ ശാസ്ത്രീയ മാർഗ്ഗത്തിലൂടെ മണ്ണിലിറക്കുന്നതിന് കൃഷി വകുപ്പും സോയിൽ കൺസർവേഷൻ വകുപ്പും പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കണം. പശ്ചിമഘട്ട വികസന പദ്ധതി നടപ്പിലാക്കാനും പാരിസ്ഥിതിക ആഘാതങ്ങൾ തടയാനും സാധിക്കണം. മണ്ണും ജീവജാലങ്ങളും കാലാവസ്ഥാ ഘടകങ്ങളും കൂട്ടിയോജിപ്പിച്ചുകൊണ്ട് പ്രകൃതി- ശാസ്ത്ര നിയമങ്ങളെ പരിരക്ഷിക്കണം.

ശ്രീ. സി. എഫ്. തോമസ് : പ്രമേയത്തെ അനുകൂലിക്കുന്നു. വരൾച്ചയെ

നേരിടുന്നതിനായി യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികൾ ആരംഭിക്കുകയും ആവശ്യമായ പണം മാറ്റിവയ്ക്കുകയും വേണം. കൂടാതെ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് മുമ്പാകെ ഒരു പാക്കേജ് സമർപ്പിക്കുകയും ചെയ്യണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: പ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിൽ ലഭിച്ച മഴയുടെ അളവിൽ ഗണ്യമായ കുറവ് അനുഭവപ്പെടുകയാണ്. തുലാവർഷത്തിൽ ആവശ്യമായ മഴ ലഭിക്കുമെന്ന പ്രതീക്ഷയും അസ്ഥാനത്തായിരിക്കുകയാണ്. ജലാശയങ്ങളെല്ലാം വറ്റിവരളുന്നത് രൂക്ഷമായ വരൾച്ചയ്ക്ക് കാരണമാകും. കേരളത്തിന് ലഭിക്കാനുള്ള ജലം നേടിയെടുക്കുന്നതിൽ ശ്രദ്ധ ചെലുത്തണം. ജലവിനിയോഗം, മഴവെള്ളം ഉപയോഗപ്പെടുത്തൽ തുടങ്ങിയവയ്ക്കായി ഒരു നയം രൂപീകരിക്കണം. ഉപയോഗശൂന്യമായി കിടക്കുന്ന കിണറുകൾ ഉപയോഗപ്പെടുത്തുന്നതിനും കുളങ്ങൾ സംരക്ഷിക്കുന്നതിനും മഴവെള്ളം ഭൂമിയിലേയ്ക്ക് താഴുന്നതിനുമുള്ള സംവിധാനമൊരുക്കണം. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് കേന്ദ്രത്തിലേയ്ക്ക് ഒരു സർവ്വകക്ഷി സംഘത്തെ അയയ്ക്കണം.

<u>ശ്രീ. എ. എം. ആരിഫ്</u>: പ്രമേയത്തെ അനുകൂലിക്കുന്നു. കേരളം അതീവ ഗുരുതരമായ വരൾച്ചയേയും കുടിവെള്ളക്ഷാമത്തേയും നേരിടാൻ പോകുകയാണ്. ഈ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം കാണുന്നതിനായി ഒരു പാക്കേജ് സമർപ്പിക്കുകയും സംസ്ഥാന

എം.പി.മാരെക്കൊണ്ട് കേന്ദ്രത്തിൽ ആവശ്യമായ ഇടപെടൽ നടത്തുകയും വേണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): കേരള ചരിത്രത്തിലെ ഏറ്റവും വലിയ വരൾച്ചയാണ് അഭിമുഖീകരിക്കാൻ പോകുന്നത്. തുലാവർഷത്തിലും കുറവ് അനുഭവപ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിലെ ഗൗരവം കണക്കിലെടുത്ത് മുഖ്യമന്ത്രി ഒരു യോഗം വിളിച്ചുചേർക്കുകയുണ്ടായി. കേന്ദ്ര കൃഷിമന്ത്രാലയവും കേന്ദ്ര ദുരന്തനിവാരണ അതോറിറ്റിയും നിഷ്കർഷിക്കുന്ന മാനദണ്ഡപ്രകാരമാണ് ഒരു സംസ്ഥാനത്തെ വരൾച്ച സംസ്ഥാനമായി പ്രഖ്യാപിക്കുന്നത്. ഇതുസംബന്ധിച്ച് റൂൾ 300 അനുസരിച്ച് തിങ്കളാഴ്ച നിയമസഭയിൽ പ്രസ്താവന നടത്താനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.